Week:1

# Weekly Devotion - June 2018
# Hardened heart (കഠിനഹൃദയം)

**" If the heart becomes hard, the eye becomes dry"**




ഹൃദയം കഠിനപ്പെടുത്തുന്നവൻ നിർവികാരനും മറ്റുള്ളവരുടെ വേദനകളിൽ സന്തോഷിക്കുന്നവനുമാണ്. ജനമധ്യത്തിൽ ബഹുമാനവും ആദരവും നേടിയ വിശുദ്ധനും പണ്ഡിതനുമായ ഒരു സന്യാസ ശ്രേഷ്ഠൻ ഫ്രാൻസിൽ ജീവിച്ചിരുന്നു. ഫ്രാൻസിലെ രാജാവും തന്റെ പ്രഭുക്കന്മാരായ ഉപദേശകർക്കു പകരം ഇദ്ദേഹത്തോട് പലപ്പോഴും അഭിപ്രായം ചോദിച്ചിരുന്നു. പ്രഭുക്കന്മാരിൽ ഒരു അഹന്തയുള്ളവൻ പരസ്യമായി പലപ്പോഴും സന്യാസിയെ അവഹേളിച്ചിരുന്നു. ഹൃദയം അഹന്തയാൽ നിറയുമ്പോഴാണ് മനുഷ്യൻ കഠിനഹൃദയനാകുന്നത്. തക്കംകിട്ടുമ്പോഴെല്ലാം ദൈവനിന്ദ പുലമ്പുവാൻ അയാൾ മടിച്ചില്ല.

ഒരു ദിവസം സന്യാസി ആലയത്തിൽ പ്രാർത്ഥനയിൽ മുഴുകി ഇരിക്കുമ്പോൾ അഹങ്കാരിയായ പ്രഭു അവിടെയെത്തി. സന്യാസിയെ പരിഹസിച്ചു രസിക്കുവാനാഗ്രഹിച്ച കഠിനഹൃദയനായ പ്രഭു പരസ്യമായി ചോദിച്ചു "താൻ പണ്ഡിതനാണല്ലോ ദൈവം ഇപ്പോൾ എന്തു ചെയ്യുന്നു" ദൈവം ഉള്ളിലുള്ളവന് കഠിനഹൃദയനു നൽകേണ്ട മറുപടി ദൈവം തന്നെ പറഞ്ഞു കൊടുത്തു. പ്രഭോ "ദൈവം അഹങ്കാരികളെ താഴ്ത്തുകയും വിനീതരെ ഉയർത്തുകയുമാണ്" ഇതു കേട്ട് നിന്നവർ പ്രഭുവിനെ പരിഹസിച്ച് ചിരിച്ചു. പ്രഭു ലജ്ജിതനായി മടങ്ങി.

അനുസരണക്കേട് കാട്ടുകയും, ദൈവത്തോട് മത്സരിക്കുകയും അവിശ്വാസം പ്രകടിപ്പിക്കുകയും ചെയ്യുന്നത് കഠിനഹൃദയരുടെ സ്വഭാവ വൈകല്യമാണ്. പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നവരോട് ഒരു നാളും ക്ഷമിക്കുകയില്ല എന്ന വചനസത്യം കഠിനഹൃദയർ മറക്കുന്നു.

Read മർക്കോസ് (3:29)

ഹൃദയകഠിനതയാൽ ഫറവോൻ ഉപദ്രവിച്ചപ്പോൾ ദൈവത്തോട് നിലവിളിച്ചവർ യഹോവ ചെയ്ത നന്മകളെല്ലാം നിസ്സാരകാര്യത്തിനായി മറന്നുകളഞ്ഞു. തന്റെ ജനത്തെ ഫറവോന്റെ കാഠിന്യത്തിൽ നിന്ന് രക്ഷിപ്പാൻ "10ബാധകൾ" മിസ്രേമിലേക്കയച്ച ദൈവം അതിലൊന്നുപോലും യിസ്രായേലിനെ തൊടാതെ കരുതിയവനാണ്. ചെങ്കടൽ കടത്തി മറുകരെ എത്തിക്കുക മാത്രമല്ല ശത്രുവിനെ ചെങ്കടലിൽ മുക്കി കൊല്ലുകയും ചെയ്തവനെ സ്തുതിച്ച അതേ നാവുകൊണ്ട്, അവർ യവോവയ്ക്ക് വിരോധമായി സംസാരിച്ചു.

സങ്കീ (95:8) മെരീബയിലെപ്പോലെയും, മരുഭൂമിയിൽ മസ്സാനാളിനെപ്പോലെയും നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കരുത് എന്ന് കാണാം. മരുഭൂയാത്രയിൽ ദാഹിച്ചു വലഞ്ഞ ജനം വെള്ളത്തിനായി മോശയോടേ കലഹിച്ചു. ഇത്രത്തോളം നടത്തിയ ദൈവത്തിന്റെ ശക്തി കണ്ടറിഞ്ഞവർ യഹോവയെ പരീക്ഷിച്ചു. തന്റെ ദാസനായ മോശയോട് നദിയെ അടിച്ച വടിയുമായി ചെന്ന് പാറയെ അടിക്കുവാൻ കല്പിച്ചവൻ യഹോവ ആരെന്ന് വീണ്ടും അവർക്ക് കാട്ടികൊടുത്തു. പാറയിൽ നിന്നുള്ള നീരൊഴുക്ക് നദിപോലെ ഒഴുകിത്തുടങ്ങി. യഹോവ ഞങ്ങളുടെ ഇടയിലുണ്ടോ എന്ന് അവർ പരീക്ഷിച്ച് ചോദിച്ചതിനാൽ ആ സ്ഥലത്തിന് മസ്സാ (പരീക്ഷ) എന്നും, മെരീബാ (കലഹം) എന്നും പേരിട്ടു. (പുറ:17:7)

"ഇന്ന്" യഹോവയുടെ ശബ്ദം കേൾക്കുന്നവർ നിങ്ങളുടെ ഹൃദയത്തെ കഠിനപ്പെടുത്തരുത് എന്ന് സങ്കീ.(95:7) അവസാനവും, സങ്കീ (95:8) ലും കാണുന്നു. "ഇന്ന്" അഥവാ ഈ കൃപായുഗത്തിൽ അവന്റെ ശബ്ദം കേൾക്കുന്നവരായ നാം പൂർവ്വപിതാക്കന്മാരെപ്പോലെ യഹോവയെ പരീക്ഷിച്ച് സംസാരിക്കാതെ, ഇടയന്റെ ശബ്ദം കേട്ടനുസരിക്കുന്നവരാകണം. ദൈവ വചനത്തിന് വിധേയരായി ജീവിച്ചാൽ അഹന്ത കഠിനഹൃദയത്തിൽ നിന്ന് ഇല്ലാതെയാകുന്നു.

ഹൃദയകാഠിന്യമുള്ളവർ കണ്ണുണ്ടായിട്ട് കാണാതെയും, ചെവിയുണ്ടായിട്ട് കേൾക്കാതെയും, യഹോവ ചെയ്ത നന്മകളെ ഓർക്കാതിരിപ്പാൻ ശ്രമിക്കുന്നവരുമാണ്. യോഹ: (9:34)ൽ നീ മുഴുവൻ പാപി എന്ന് പറഞ്ഞ് കുരുടനെ പുറത്താക്കിയതിന്റെ കാരണം തനിക്ക് കാഴ്ച നൽകിയ യേശു ദൈവത്തിന്റെ അടുക്കൽ നിന്ന് വന്നവനെന്നും, പ്രവാചകൻ എന്നും, ഞാൻ അവനിൽ വിശ്വസിക്കുന്നു എന്നും കാഴ്ച പ്രാപിച്ചവൻ ഉറക്കെ പ്രഖ്യാപിച്ചതിനാലാണ്. സാത്താൻ ചേക്കേറിയ ഹൃദയത്തിന്റെ ഉടമകളാണ് കഠിനഹൃദയർ. അവർ യഹോവ വിളിച്ചാൽ ശ്രദ്ധിക്കാതെ യഹോവയുടെ ആലോചന ത്യജിച്ച്, ശാസന കേട്ടനുസരിക്കാത്തതിനാൽ യഹോവ അവരെ അനർത്ഥത്തിലേക്ക് തള്ളിയിടുന്നു.

പ്രിയരേ! ആപത്തിലേക്ക് നടന്നടുക്കാതെ ഇടയന്റെ ശബ്ദം കേട്ട്, നല്ല ഇടയനോട് ചേർന്ന് ജീവിച്ച് നിത്യതയ്ക്കവകാശികളാകുവാൻ ദൈവം കൃപ ചെയ്യട്ടെ.

*Santhamma Varghese*

*Website:* www.biblestudy.co.in
*Email:* biblestudy.co.in@gmail.com

*Facebook:* https://www.facebook.com/biblestudyind